## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1849 16.02.2016-ലെ മറുപടിയ്ക്ക്**

**"മഞ്ചേശ്വരം ചെക്ക് പോസ്റ്റ് വികസനം"**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം ചെക്ക് പോസ്റ്റ് വികസനത്തിനായി എത്ര ഏക്കർ സ്ഥലം ഏറ്റെടുത്ത് കൈമാറിയിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 17.09.2008 തീയതിയിലെ ഗവൺമെന്റ് ഉത്തരവ്, G.O.(Ms) No.179/08/TD പ്രകാരം 4.56 ഏക്കർ ഭൂമിയും, 07.04.2009 തീയതിയിലെ ഗവൺമെന്റ് ഉത്തരവ്, G.O.(Ms) No.66/09/TD പ്രകാരം 4.77 ഏക്കർ ഭൂമിയും (ആകെ 9.33 ഏക്കർ) ഏറ്റെടുത്ത് വാണിജ്യ നികുതി വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ ഇതു സംബന്ധിച്ച് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | സംയോജിത ചെക്ക്പോസ്റ്റിന്റെ നിർമ്മാണത്തിനായി NATPAC നെക്കൊണ്ട് പഠനം നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഒരു ഗവൺമെന്റ് അംഗീകൃത ഏജൻസി മുഖാന്തിരം NATPAC -നെ കൺസൾട്ടൻ സിയായി അംഗീകരിച്ച് ഒരു മാർഗ്ഗദർശക പദ്ധതിയായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എൻ. എച്ച്-66-ൽ ചെക്ക്പോസ്റ്റിനടുത്ത് വാഹനങ്ങൾ നിർത്തുക വഴി ഗതാഗത കുരുക്കും അപകട മരണങ്ങളും വർദ്ധിച്ചുവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഉണ്ട്. ഈ വിഷയം പരിഹരിക്കുന്നതിനായി ഇപ്പോൾ വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽ സ്ഥിതി ചെയ്യുന്ന എക്സൈസ് ചെക്ക് പോസ്റ്റ് പുതിയ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് അവിടെ നിന്നും മാറ്റി സ്ഥാപിച്ച് വാണിജ്യ നികുതി വകുപ്പിന് അധികമായി രണ്ട് കൗണ്ടറുകൾ കൂടി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഗതാഗത നിയന്ത്രണത്തിനായി രണ്ട് പോലീസുകാരുടെ സേവനവും ഹൈവേ പട്രോൾ വാഹനത്തിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**